മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു ദിവസം രണ്ടു ഡെയിലി അലവൻസ് ആവശ്യപ്പെട്ടതായി ഗവർമ്മെണ്ടിന്നു് അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല; അന്വേഷിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിന്റെ നടപടിക്രമത്തെപ്പറ്റി വല്ല സംശയവും തോന്നീട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഏതു് കാര്യത്തിന്നാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ പണസംബന്ധമായിട്ടുള്ള കാര്യത്തിൽ.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഒന്നും ഉള്ളതായി അറിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ഡി. എ. യും, ടി. എ.യും കളവായി എഴുതി വാങ്ങീട്ടുണ്ടോ എന്നു് അന്വേഷിക്കാമോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഏതു് തീയ്യതിക്കാണെന്നു് പറഞ്ഞാൽ നോക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വല്ല ബില്ലുകളും ട്രഷറിയിൽനിന്നു് തള്ളിക്കളഞ്ഞതായി അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: തള്ളിക്കളഞ്ഞിട്ടുണ്ടോ എന്നു് അന്വേഷിക്കാതെ പറയാൻ തരമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തള്ളിക്കളഞ്ഞതു് എവിടെയാണു്.

Rao Sahib P. V. Raphael *(Chief Secretary to Government):* If such a thing has taken place it may be refused either in the Diwan Peishkar's Office while passing the Bill or in the Comptroller's Office in audit.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ട്രഷറയിൽ ചെന്നപ്പോഠം തള്ളിക്കളഞ്ഞതായി അറിയാമൊ?

Rao Sahib P. V. Raphael *(Chief Secretary to Government):* Generally, Treasury Officers do not look into these things. They only look into the totalling of the figures and other minor details.

മിസ്റ്റർ കെ. എസ്സ് പണിക്കർ: സന്ദർഭത്തിൽ ഇതിന്നു് വല്ല അധികാരവുമുണ്ടോ?

Rao Sahib P. V. Raphael *(Chief Secretary to Government):* There is no such information, but it is quite possible that there may be some instances of double daily allowances being claimed, and it is possible that during the check in the Diwan Peishkar's Office before countersignature that such mistakes might be detected and disallowed.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ആദ്യം എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടായിരുന്ന ആളല്ലെ?

Rao Sahib P. V. Raphael *(Chief Secretary to Government):* He was in the Excise Department as Manager years ago.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്റ്റാമ്പ് അപഹരിച്ചകാരണത്തിന്നു് ഒരിക്കലും പുന:പ്രവേശിപ്പിച്ച ഉദ്യോഗത്തിൽ വെയ്ക്കാൻ പാടില്ല എന്നു് പറയപ്പെട്ട ഒരാളല്ലെ?

Rao Sahib P. V. Raphael *(Chief Secretary to Government):* These are all matters foreign to the question at issue.

LIGHT AND DRINKING WATER AT VELLARAPPILLY

133. Mr. M. I. Paul *(Narakkal):* Will Government be pleased to state.—
have the Government any idea to supply lights and water to Vellarappilly ?

Rao Sahib K. Ayyappan *(Minister for Public Works):*

The Electrification of Vellarappilly is included in this year's rural electrification programme. There is no proposal to supply drinking water to Vellarappilly.

LADIES' CONVENT H. S., PALLURUTHY—ACQUISITION OF LANDS

134. Mr. P. T. Jacob *(Latin Christians-Mattancheri):* Will Government be pleased to state.—

(a) had the Government received any request from Our Ladies' Convent H.S., Palluruthy for acquisition of land for the extension of the school buildings or for any other purpose ; if so, what had the Government done in the matter and what were the orders ;

LIBRARY ARCHIVES Kerala Legislative Assembly

(*b*) does the Government know that since then the Convent authorities were forced to purchase a part of the proposed land at Rs. 525 per cent ; if not would the Government kindly enquire and give the information ?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes. The Government considered the request and ordered that the Manager's proposal for the acquisition of the sites cannot be sanctioned.

(*b*) No. Government do not consider it necessary to initiate any enquiries in this matter.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഈ സ്ഥലത്തെ സംബന്ധിച്ച് എടുക്കുവാൻ പാടില്ലെന്നുള്ള അനേക്ഷണറിപ്പോർട്ട് ആരുടേതായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ ദിവാൻപേഷ്കാരാണ് അനേക്ഷിച്ച് റിപ്പോർട്ട് കൊടുക്കുക പതിവ്. ഇതും അദ്ദേഹത്തിന്റേതാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഈ സ്ഥലം അവശ്യമാണ്; അത് ഇത്രനാൾക്കുള്ളിൽ ഉണ്ടാക്കണമെന്ന് ഗവമ്മെണ്ടു് വല്ല സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ സ്കൂൾകൾക്ക് പ്ലെഗ്രൗണ്ടു് വേണമെന്ന് പറയാറുണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇതിനെസംബന്ധിച്ച് വല്ല എഴുത്തും അവർ എഴുതി അയച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു പറയണമെങ്കിൽ നോട്ടീസ്സ് വേണം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അങ്ങിനെ അയച്ചിട്ടുണ്ടെങ്കിൽ ഈ തീരുമാനം ശരിയാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ അയച്ചിട്ടുണ്ടെങ്കിലും, റിക്കാർട്ട നോക്കീട്ടെ തിരുമാനിക്കുകയുള്ളു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതു് കൊടുക്കുവാൻ പാടില്ലെന്നുള്ള റിപ്പോർട്ട് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്ന് ഗവമ്മെണ്ടിന്നു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ കൊടുക്കുവാനുദ്ദേശിച്ച സ്ഥലം വളരെ പാവങ്ങൾ കൂടി കിടക്കുന്ന സ്ഥലമാണു്. അതു് പ്ലെഗ്രൗണ്ടിന്നുവേണ്ടി എടുത്താൽ അനേകം കുടികിടപ്പുകാരെ ഒഴിക്കേണ്ടിവരും. അതുകൊണ്ടു് അതു് വേണ്ടായെന്നു് തീർച്ചയാക്കി.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അങ്ങിനെ ഒഴിപ്പിക്കേണ്ടിവരുന്നതു് എത്ര ആളുകളേയാണെന്നു് പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. കുറച്ചു കുടുംബങ്ങളുണ്ടായിരുന്നു. അതിൽ എത്ര ആളുകളാണെന്നു് പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്. അവിടെ മൂന്നു വീടുകളല്ലെ ഉണ്ടായിരുന്നുള്ളു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മൂന്നു വീടുകളോ, അതിൽ കൂടുതലോ ഉണ്ടായിരുന്നതെന്നു ഗവമ്മെണ്ടിന്നു് പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: അര ഏക്കർ സ്ഥലം, കോൺവന്റു് സ്കൂളിന്നടുത്തു്, വാഴവെച്ചു് ആദായം ഉണ്ടാക്കിയതായി അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതും കേൾക്കുകയുണ്ടായി.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഈ സ്ഥലം കോൺവെന്റിന്നടുത്തതാണെന്നുള്ളതു് ഗവമ്മെണ്ടിന്നു അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോൺവെന്റിന്റെ അടുത്തായതുകൊണ്ടു് അങ്ങിനെ ആയിരിക്കുവാനും വിരോധമില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഏതു വിഭാഗക്കാരായിട്ടുള്ള ആളുകളാണു് അവിടെ താമസിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ദരിദ്രരാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി ജേക്കബ്ബ്: അവിടെ മൂന്നുവാല കുടുംബങ്ങൾ മാത്രമേയുള്ളു. ആ മൂന്നു കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്നുള്ള കാരണത്തിന്മേൽ ഇതുപോലെയുള്ള ഒരു പൊതു ആവശ്യം അനുവദിച്ചു കൊടുക്കാത്തതു എന്തുകൊണ്ടാണു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്ലേഗ്രൗണ്ടിന്റെ ആവശ്യവും, ഈ കുടി ഒഴിപ്പിക്കുന്ന കാര്യവും താരതമ്യപ്പെടുത്തി നോക്കിയതിൽ കുടി ഒഴിപ്പിക്കുന്ന കാര്യം അക്രമമാണെന്നു തോന്നിയതുകൊണ്ടാണു ഇങ്ങിനെ ചെയ്തതു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: പത്തുപതിമൂന്നു ഏക്കർ സ്ഥലം പള്ളുരുത്തി വില്ലേജിലും, രാമേശ്വരം വില്ലേജിലും കുടി വാലന്മാക്കു കോളനിക്കുവേണ്ടി എടുക്കുവാൻ ഗവണ്മെണ്ടു് ആലോചിക്കുമ്പോൾ ഈ മൂന്നു കുടുംബങ്ങളുടേയും രക്ഷയ്ക്കു എന്നു പറഞ്ഞു് ഈ പൊതു ആവശ്യം നിഷേധിക്കുന്നതു് ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ശരിയല്ല. എങ്കിലും കുടിപാപ്പു് ഒഴിപ്പിച്ചു കളിക്കുവാൻ സ്ഥലം കൊടുക്കുന്നതും ശരിയല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പ്ലേഗ്രൗണ്ടിനു് വേറെ വല്ല വഴിയും കണ്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുതൽ വിലയ്ക്കു വാങ്ങുവാൻ ഉദ്ദേശിച്ചതു് അതുകൊണ്ടാണു.

മിസ്റ്റർ പി. കെ. ഡീവർ: സെൻറിനു് 8 ൽ 8 ക. യെന്നു് പറയുന്നതു് മട്ടാഞ്ചേരിയിലെ സ്ഥിതിക്കു അധികമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഇതേവരെ വസ്തുക്കളൊന്നും വാങ്ങിക്കുകയുണ്ടായിട്ടില്ല. അതുകൊണ്ടു് അതിനെപ്പറ്റി അഭിപ്രായം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേണമെങ്കിൽ അന്വേഷിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കോൺവെൻറിന്റെ വടക്കുവശം തന്നെ ഒരു ഏക്കറോളം സ്ഥലം ഒഴിഞ്ഞു കിടക്കുന്നതു് എടുക്കാത്തതു് ഒരു ധനികന്റെതായതു കൊണ്ടാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കു് നേരിട്ടു അറിവില്ല. ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നതു് വിശ്വസിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഗവണ്മെണ്ടിൽനിന്നു് ഇതിനു് പ്രത്യേകം ഒരന്വേഷണം നടത്താമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്താണു് അന്വേഷിക്കേണ്ടതെന്നു് പറഞ്ഞാൽ അന്വേഷിക്കാം.

മിസ്റ്റർ പി. ജേക്കബ്ബ്: കുറച്ചുസ്ഥലം മാത്രമേ അവിടെ ഇനി എടുക്കുവാനുള്ളു. ആ സ്ഥലം അവർ കൊടുത്തിട്ടില്ല. അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലാൻറു് അക്വസിഷനെപ്പറ്റി വീണ്ടും ഒരന്വേഷണം വരികയാണെങ്കിൽ അപ്പോൾ അന്വേഷിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇതിനു മുമ്പുള്ള അന്വേഷണ റിപ്പോർട്ടുകളെല്ലാം ജനകീയ മന്ത്രിമാർ ഭരണം ഏറ്റെടുത്തതിനു് ശേഷമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ വരുന്നതിനു് മുമ്പാണെന്നാണു് തോന്നുന്നതു്. തീച്ചപറയണമെങ്കിൽ നോട്ടീസ്സു് വേണം.

SPECIAL ALLOWANCE—RADIUM, ETC. BRANCHES OF THE MEDICAL DEPARTMENT

135 മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

മെഡിക്കൽ വകുപ്പിൽ പ്രായേണ സുരക്ഷിതമല്ലാത്ത റേഡിയം, എക്സ്റേ, ലാബോറട്ടറി, ക്ഷയരോഗ ക്ലിനിക്കു്, വി. ഡി. എന്നീ ശാഖകളിൽ ജോലിചെയ്യുന്നവർക്കു വല്ല പ്രത്യേക അലവൻസും കൊടുക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly